പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2412** 20/06/2012-ൽ മറുപടിക്ക്.

**ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഇൻഷുറൻസ് സ്ഥാപനങ്ങൾ പണം നൽകാത്തത് സംബന്ധിച്ച**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. തിലോത്തമൻ** | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ അടിസ്ഥാനത്തിൽ ചികിത്സ നടത്തിയതിനുള്ള തുക അർഹരായ രോഗികൾക്ക് കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എന്തു കൊണ്ടാണ് ആയത് സംഭവിക്കുന്നത്; വിശദമാക്കുമോ; | (എ) ഇല്ല. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായവർക്ക് തിരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്വകാര്യ ആശുപത്രികളിൽ പദ്ധതി മാനദണ്ഡപ്രകാരമുള്ള ചികിത്സ സൗജന്യമായാണ് ലഭിക്കുന്നത്. ഇതിന് വേണ്ടിവരുന്ന ചിലവ് ഇൻഷുറൻസ് ഏജൻസി ആശുപത്രികൾക്ക് നേരിട്ടാണ് നൽകുന്നത്. |
| (ബി) ഇൻഷുറൻസ് സ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള ആശുപത്രികളിൽ ചിലത് നൽകുന്ന ചികിത്സാ സർട്ടിഫിക്കറ്റും ബില്ലുകളും ഇൻഷുറൻസ് കമ്പനികൾ തന്നെ സ്വീകരിക്കുന്നില്ലെന്നും, പ്രസ്തുത സ്ഥാപനങ്ങളെ തങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കിയെന്നും പറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുമോ? | (ബി) ഇൻഷുറൻസ് സ്ഥാപനം എംപാനൽ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ആശുപത്രികൾ നൽകുന്ന ബില്ലുകൾ പദ്ധതി മാർഗ്ഗ നിർദ്ദേശപ്രകാരം ഇൻഷുറൻസ് കമ്പനി സ്വീകരിക്കാറുണ്ട്. പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആശുപത്രികളെ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലുമുള്ള ഗ്രിവൻസസ് റിഡ്രസൽ കമ്മിറ്റി മുൻപാകെ അത്തരം സ്ഥാപനങ്ങൾക്ക് അപ്പീൽ നൽകുവാൻ വ്യവസ്ഥയുണ്ട്. |
| (സി) മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയിൽ ആയുർവേദ, ഹോമിയോ ചികിത്സാ രീതികളെ കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്നു പറയുമോ? | (സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ കേന്ദ്ര സർക്കാർ ആയുർവേദ ഹോമിയോ ചികിത്സാ രീതികളെ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ